കോട്ടയം	17
മദ്ധ്യ മേഖല	
എറണാകുളം	89
തൃശ്ശൂർ	37
ഇടുക്കി	810

(1)	(2)
ഉത്തര മേഖല	
പാലക്കാട്	42
മലപ്പുറം	614
കോഴിക്കോട്	328
വയനാട്	381
കണ്ണൂർ	189
കാസർഗോഡ്	244
ആകെ	2771

584/16

(ബി) സാധന സാമഗ്രികൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാക്രമം അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ പൂർണ്ണമായ അപേക്ഷ ലഭിച്ച് 7 ദിവസത്തിനുള്ളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസത്തിനുള്ളിൽ വെതർപ്രൂഫ് കണക്ഷനുകളും 1 കി. മീറ്റർ വരെയുള്ള OH ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോമീറ്ററിനും 15 ദിവസം വീതവും വരെയുള്ള സമയ പരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകിവരുന്നു.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

40 (380) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിൽനിന്നും നാളിതുവരെ വൈദ്യുതി ചാർജ്ജി

LIBRARY ARCHIVES Kerala Legislative Assembly

നത്തിൽ എത്രയുക പിരിച്ചെടുക്കാനുണ്ടെന്ന് വകപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) സർക്കാർ വകപ്പുകൾ എ.സി.ഡി. ഇനത്തിൽ എത്രയുകകൊടുക്കാനുണ്ടെന്ന് വകപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(സി) സ്വകാര്യ കമ്പനികളും സ്ഥാപനങ്ങളും വ്യക്തികളും വൈദ്യുതി ചാർജ്ജിനത്തിൽ എത്രയുക കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ വകപ്പുകളിൽനിന്നും 30-9-2014 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 106.70 കോടി രൂപയാണ് പിരിച്ചെടുക്കാനുള്ളത്. ഇതിന്റെ വകപ്പ് തിരിച്ചുള്ള വിവരം അനുബന്ധം 1*ആയി ചേർത്തിരിക്കുന്നു.

(ബി) വിവരം അനുബന്ധം 2-*ൽ കൊടുത്തിട്ടുണ്ട്.

(സി) സ്വകാര്യ കമ്പനികളും സ്ഥാപനങ്ങളും 30-9-2014 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 612.69 കോടി രൂപയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്.

വൈദ്യുതി ദുരുപയോഗം, മോഷണം തുടങ്ങിയവ കണ്ടെത്തുന്നതിന് നടപടി

41 (381) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ദുരുപയോഗം, മോഷണം തുടങ്ങിയവ കണ്ടെത്തുന്നതിന് നിലവിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ കണ്ടെത്താൻ നിയോഗിച്ചിട്ടുള്ള ആന്റി പവ്വർ തെഫ്റ്റ് സ്വാഡ് നടപ്പുവർഷം എത്ര വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി ; അതിലൂടെ എത്ര യുകയുടെ വൈദ്യുതി മോഷണം കണ്ടെത്തി ; എന്ത് യുക ഫൈൻ ഇനത്തിൽ ഈടാക്കി ; വിശദാംശം നൽകുമോ ;

(സി) ഓരോ ജില്ലയിലും നടപ്പുവർഷം കാർഷികാവശ്യത്തിന് കറണ്ട നിരക്കിൽ ലഭിക്കുന്ന വൈദ്യുതി കണക്ഷൻ എത്ര ; വിശദാംശം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly